പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2161 16.08.2017 ൽ മറുപടിയ്ക്ക്

## മികവ് തെളിയിച്ച കായികതാരങ്ങൾക്ക്പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.ഉബൈദുള്ള<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | കായിക രംഗത്ത് മികവ് തെളിയിച്ച താരങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ; | എ) ബി) & സി) | മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും, ഓരോ കായിക താരങ്ങൾക്കും, അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും, വിദഗ്ധ പരിശീലനം നൽകുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തിരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിയ്ക്കുന്നത്. അതിൽ ആദ്യ വർഷ ചിലവ് ഉദ്ദേശം 47.2 കോടി രൂപയാണെങ്കിലും പല ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പാക്കാൻ പോകുന്നത്. ആദ്യഘട്ടത്തിന്റെ ഭാഗമായി 7 കായിക ഇനങ്ങൾ സെപ്റ്റംബർ മാസത്തിൽ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 2017-18 ലെ ബഡ്ജറ്റിൽ 2 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വിദേശ പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>**എലൈറ്റ് സ്കീം**<br>കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പ രിശീലകന്റെ കീഴിൽ അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും താമസവും, ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നു ണ്ട്. |
| ബി) | അവരുടെ മികവ് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ; | | |
| സി) | ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | എൽ.എൻ.സി.പി യിൽ പ്രവർത്തിച്ചുവരുന്ന എലൈറ്റ് അത്‌ലറ്റിക്സ് സ്കീം, തൃപ്രയാറിലെ ഹൈ പെർഫോർമൻസ് ട്രെയിനിംഗ് സെന്റർ ഫോർ വോളിബോൾ എന്നിവിടങ്ങളിൽ നാഷണൽ ഇന്റർ നാഷണൽ മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിവുള്ള 13 അത്‌ലറ്റിക്സ്, 17 വോളിബോൾ കായിക താരങ്ങൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഫെൻസിംഗ് എ ലൈറ്റ് സ്കീമിൽ 5 കായിക താരങ്ങൾക്കും നിലവിൽ നാഷണൽ/ ഇന്റർ നാഷണൽ ലെവലിലുള്ള പരിശീലനം നൽകിവരുന്നുണ്ട്.<br><br>വിദേശ പരിശീലനത്തിനായി ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയും, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി.വി.രാജ അവാർഡ് എല്ലാ വർഷവും ഒരു പുരുഷ കായിക താരത്തിനും വനിതാ കായിക താരത്തിനും നൽകി വരുന്ന പദ്ധതിയും നിലവിലുണ്ട്. സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് പ്രതിമാസം 10,000 രൂപ വീതം നൽകുന്ന ഡോ.എ.പി.ജെ.അബ്ദുൽകലാം സ്കോളർഷിപ്പ് സ്കീം എന്ന നൂതന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സ്പോർട്സ്/ ഗെയിംസ് ഇനങ്ങളിൽ നിശ്ചിത കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനായി പ്രതിവർഷം 50 ഒഴിവ് വീതം നീക്കി വച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ 2 ഒഴിവ് വീതം ഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവു വീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ് / ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ട്.<br><br>കൂടാതെ അന്തർദേശീയ തലത്തിൽ മെഡൽ കരസ്ഥമാക്കുന്ന കായിക താരങ്ങൾക്ക് കാലാകാലങ്ങളിൽ ക്യാഷ് അവാർഡുകളും നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**